(5) <u>ധനകാര്യ ബില്ലിന്റെ അവതരണം സംബന്ധിച്ച്</u>

2018 മാർച്ച് മാസം 20-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ, രണ്ട് ദിവസത്തെ ധനാഭ്യർത്ഥന ചർച്ചകൾ ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നത് ക്രമപ്രകാരമല്ലെന്നും പാർലമെന്റിലെ നടപടിക്രമങ്ങൾ സംബന്ധിച്ച ഗ്രന്ഥങ്ങളിൽ ഇക്കാര്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച തടസ്സവാദം മുമ്പ് ഉന്നയിച്ച അവസരത്തിൽ സ്പീക്കർ റൂളിംഗ് നൽകിയിട്ടുള്ളതാണെന്നും ഒരു തവണ ഒഴികെ മറ്റെല്ലാ സന്ദർഭങ്ങളിലും ചർച്ചകൾ പൂർത്തിയായതിനുശേഷമാണ് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചിട്ടുള്ളതെന്നതിനാൽ ഇതു സംബന്ധിച്ച് സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയും ഡിമാന്റ് ഫോർ ഗ്രാന്റ്സ് കഴിഞ്ഞതിനുശേഷമാണ് നിയമസഭകളിലും പാർലമെന്റിലും ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നതെന്നും ശരിയായ കീഴ്‌വഴക്കമല്ലാത്തതിനാൽ ഇത്തരമൊരു പ്രത്യേക സാഹചര്യം വന്നത് സംബന്ധിച്ച് പരിശോധിക്കണമെന്ന് പ്രതിപക്ഷനേതാവും ആവശ്യപ്പെടുകയുണ്ടായി.

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച അവസാനിച്ചതിനുശേഷം 22-03-2018-നാണ് വിഷയനിർണ്ണയ സമിതി ധനകാര്യ ബിൽ പരിഗണിക്കുന്നതെന്നും 27-03-2018-നാണ് ധനകാര്യ ബിൽ നിയമസഭ പാസ്സാക്കുന്നതെന്നതിനാൽ ബിൽ അവതരിപ്പിക്കുന്നതിൽ നിയമതടസ്സമില്ലെന്ന് ധനകാര്യവും കയറും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുമുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി. *

" ഈ വർഷത്തെ ബഡ്ജറ്റ് നടപടിക്രമങ്ങൾ മാതൃകാപരമായ നിലയിൽ മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കേണ്ടതിനാലാണ് ഇത്തരമൊരു സാഹചര്യമുണ്ടായിട്ടുള്ളത്. ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കുന്നത് മാർച്ച് 27-ന് മാത്രമാണെന്ന് ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. പതിനൊന്നാം കേരള നിയമസഭയിലാണ് ഇതിനുമുമ്പ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. അന്ന് ധനാഭ്യർത്ഥന സംബന്ധിച്ച സൂക്ഷ്മപരിശോധന സബ്ജക്ട് കമ്മിറ്റികൾ പൂർത്തീകരിക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ അവതരിപ്പിക്കുകയും സബ്ജക്ട്

---

* XIV KLA X Session Vol. No. 171/No. 14 dated 20.03.2018

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സഭയിൽ ധനാഭ്യർത്ഥന ചർച്ച ആരംഭിക്കുന്നതിനുമുമ്പായി 2005-ലെ ധനകാര്യ ബിൽ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. 2005-ലെ മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വരുന്ന പ്രത്യേക സാഹചര്യത്തിലാണ് അപ്രകാരം ചെയ്തതെന്ന ബന്ധപ്പെട്ട മന്ത്രിയുടെ വിശദീകരണം അന്നത്തെ ചെയർ അംഗീകരിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിൽ ഭരണഘടനാപരമോ ചട്ടപ്രകാരമോ ഉള്ള ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനമുള്ളതായ പരാമർശം അന്ന് സഭയിലുണ്ടായിട്ടില്ല. മാത്രമല്ല, പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡ്യുവറിലും ഈ നടപടിക്രമത്തിൽ അപാകതയുള്ളതായി പറഞ്ഞിട്ടില്ല. അതിനാൽ ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം മുമ്പുണ്ടായ കീഴ്‌വഴക്കത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നതല്ല എന്ന് റൂൾ ചെയ്യുന്നു.”